LIBRARY ARCHIVES Kerala Legislative Assembly

പുഴകളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്ന കാര്യം

37 [3624] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പുഴകളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽനിന്നും എത്ര പ്രോജക്ടുകൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്;

(സി) ഇതുമായി ബന്ധപ്പെട്ട നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17 പ്രൊപ്പോസലുകൾ അനുമതിക്കായി സമർപ്പിച്ചു.

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ഒന്നും നൽകിയിട്ടില്ല.

ചിത്താരി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ റിപ്പെയർ ചെയ്യുന്നതിന് നടപടി

38 [3625] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽപ്പെട്ട ചിത്താരി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ പൂർണ്ണമായി നശിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നശിച്ചുപോയ ഷട്ടറുകൾ റിപ്പയർ ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ചിത്താരി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകൾ റിപ്പെയർ ചെയ്യുന്നതിനുവേണ്ടി സിവിൽ വർക്കും മെക്കാനിക്കൽ വർക്കും ഉൾപ്പെടെ 15.15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.